# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6122

04.07.2019 -ൽ മറുപടിയ്ക്ക്

## കന്നത്തുകാൽ, വെള്ളറട വില്ലേജാഫീസുകൾക്ക് കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ സ്വന്തമായി കെട്ടിടം ഇല്ലാത്ത വെള്ളറട വില്ലേജാഫീസിന് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) വെള്ളറട വില്ലേജ് ഓഫീസിന് കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) വെള്ളറട വില്ലേജാഫീസ് പ്രവർത്തിച്ചു വന്നിരുന്ന സ്ഥലം റവന്യൂ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പൂർണമായ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) വെള്ളറട വില്ലേജ് ഓഫീസ് സ്ഥിതി ചെയ്തിരുന്ന സ്ഥലം റവന്യൂ വകുപ്പിന് കൈമാറി നൽകിയിട്ടില്ല. |
| (സി) കന്നത്തുകാൽ വില്ലേജാഫീസ് കെട്ടിടം തകർന്നുവീണതിനാൽ നിലവിൽ വില്ലേജാഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) കന്നത്തുകാൽ വില്ലേജ് ഓഫീസ് പഴയ കെട്ടിടം അപകടാവസ്ഥയിലായതിനാൽ ജീവനക്കാരുടേയും, പൊതുജനങ്ങളുടേയും സുരക്ഷ കണക്കിലെടുത്ത് വില്ലേജ് ഓഫീസ് പ്രവർത്തനം താൽക്കാലികമായി വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (ഡി) കന്നത്തുകാൽ, വെള്ളറട എന്നീ വില്ലേജാഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) കന്നത്തുകാൽ, വെള്ളറട എന്നീ വില്ലേജ് ഓഫീസുകൾ പ്ലാൻ സ്കീം പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസുകളായി പുതുക്കി പണിയേണ്ട വില്ലേജുകളുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതവും സ്ഥല ലഭ്യതയും അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ